നൈറ്റ്സായിൽ ഡിപ്പോകൾ

*൫൩. (൨ ൫) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) നമ്മുടെ സംസ്ഥാനത്തുള്ള ഏതെല്ലാം മുനിസിപ്പാലിറ്റികളിലെ ജനങ്ങളിൽനിന്നും, അതായത് സ്ഥലങ്ങളിലെ നൈറ്റ്സായിൽ ഡിപ്പോകൾ മാറ്റിക്കൊടുക്കണമെന്ന കാണിച്ചു പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) മേൽപറഞ്ഞ പരാതികൾ ലഭിച്ചിട്ട് എത്ര കാലമായി;

(സി) മേൽപറഞ്ഞ പരാതികളിൽ ഏതെങ്കിലും മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം സങ്കടനിവൃത്തിയുണ്ടാക്കി കൊടുത്തിട്ടുണ്ട്?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവനന്തപുരം കാപ്പറേഷൻ, ആലപ്പുഴ, കൊല്ലം, പറവൂർ, ചിറയിൻകീഴ്–തത്തമംഗലം, കുന്നംകുളം, ആലുവാ, എറണാകുളം, ചെങ്കോട്ട, ഇരിങ്ങാലക്കുട.

(ബി) (൧) തിരുവനന്തപുരം കാപ്പറേഷൻ — ൩ വർഷം
(൨) ആലപ്പുഴ — ൨ വർഷം
(൩) കൊല്ലം — ൧൦ വർഷം
(൪) പറവൂർ — ൨ വർഷം
(൫) ചിറയിൻകീഴ്–തത്തമംഗലം — ൩ വർഷം
(൬) കുന്നംകുളം — ൧ വർഷം
(൭) ആലുവ — രണ്ടര വർഷം
(൮) എറണാകുളം — ഉദ്ദേശം നാലു വർഷം
(൯) ചെങ്കോട്ട — ഉദ്ദേശം ൭ വർഷം
(൧൦) ഇരിങ്ങാലക്കുട — ൧ വർഷം

(സി) (൧) ആലപ്പുഴ
(൨) പറവൂർ.

ശ്രീ. എ. താണുപിള്ള: ഈ പരാതിവരാത്ത ഏതെങ്കിലും മുനിസിപ്പാലിറ്റി ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ വായിച്ച മുനിസിപ്പാലിറ്റികളിലല്ലാതെ മറ്റൊരിടത്തും പരാതി ഇല്ല.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: കൊല്ലത്തുള്ള നൈറ്റ്സായിൽ ഡിപ്പോയുടെ കാര്യത്തിലേക്ക് ഒരു പ്രത്യേക കമ്മിറ്റി നിയമിക്കുകയും ആ കമ്മിറ്റി ഒരു സ്ഥാനം നിശ്ചയിക്കുകയും ചെയ്തില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റിയും ആലോചന നടന്നു. അതു അത്രവളരെ പ്രായോഗികമല്ലെന്നും അതിനു വേണ്ടിവരുന്ന ചെലവു വഹിക്കാൻ മുനിസിപ്പാലിറ്റിക്ക് സാദ്ധ്യമല്ലെന്നും അറിയിച്ചു.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ഗവൺമെണ്ടിൽനിന്നും സഹായം ചെയ്താൽ അവർ അതു നടത്താമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവൺമെണ്ടിൽനിന്നും അതിലേക്ക് പണം കടം കൊടുക്കണമെന്നു പറഞ്ഞതു സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടാണ് നടക്കാത്തത്.

ശ്രീ. ആർ. ശങ്കർ: എവിടെ നിന്നെങ്കിലും പരാതിവന്നില്ലെങ്കിൽ അതെല്ലാം സന്തുഷ്ടമുള്ളതായി വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: പരാതി വന്നാൽ അതിനെപ്പറ്റി പരിഗണിക്കേണ്ടതു് ആവശ്യമാണു്.

ഫിഷറി ഡവലപ്പ്മെണ്ടു് കമ്മിറ്റി

* ൪൪. (൨൯) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സഭയം മറുപടി നൽകുമോ.—

(എ) ഫിഷറി ഡവലപ്പ്മെണ്ടു് കമ്മിറ്റി എന്നൊന്നു ഗവൺമെണ്ടിൽനിന്നും നിയമിച്ചിട്ടുണ്ടോ; അതിലെ അംഗങ്ങൾ ആരെല്ലാം; അതിന്റെ ജോലി എന്താണു്;

(ബി) പ്രസ്തുത കമ്മിറ്റി എന്നാണു നിയമിക്കപ്പെട്ടതു്; ഇതിനകം ആ കമ്മിറ്റി എന്തു ജോലി ചെയ്തുതീർത്തിട്ടുണ്ടു്;

(സി) മേൽപറഞ്ഞ കമ്മിറ്റിയുടെ ജോലി ചെയ്തുതീർക്കുന്നതിനു സമയം ക്രിപ്പ്പ്പെടുത്തിയിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) എന്നു ഒരു കമ്മിറ്റിയുണ്ടു്. അതിലെ അംഗങ്ങൾ താഴെ പേരു പറയുന്നവരാണു്.

(൧) ശ്രീ. ജെ. ടി. റോഡ്രിഗ്സ്, അസിസ്റ്റണ്ടു് സെക്രട്ടറി, ഫിഷ് ഡിപ്പാർട്ട്മെണ്ടു്.

(൨) ശ്രീ. പി. കേശവൻ, ഫിഷറി സൂപ്രണ്ടു് (കൺവീനർ).

(൩) ശ്രീ. ബി. ഗ്രാം, കൺടോൺമെൻറ്, തിരുവനന്തപുരം (ടെക്കനിക്കൽ കൺസൾട്ടൻറ്) ശ്രീ. ഗ്രാം എന്ന നാർവീജിയൻ ഗവൺമെണ്ടിൽ സമുദ്രിച്ച മത്സ്യവ്യവസായപരിപോഷണപദ്ധതിയെപ്പറ്റി വേണ്ടതുപോലെ ആലോചിച്ചു മത്സ്യവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു്.

(ബി) കമ്മിറ്റിയെ ഫൻ ൪ ൦ ബെഞ്ചുവരി ഫ..ാംന- നിയമിച്ചു. കമ്മിറ്റിയെ നിയമിച്ചതിനുശേഷം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫിഷറി ഡിപ്പാർട്ട്മെണ്ടിൽനിന്നും ഒരു പ്രശ്നാവലി അച്ചടിപ്പിച്ചു മത്സ്യവ്യവസായികൾക്കും മത്സ്യവ്യവസായകേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. എന്നാൽ ഇതിനു പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള സഹകരണം സിദ്ധിച്ചിട്ടില്ല. പ്രശ്നാവലിമൂലം ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി തീരപ്രദേശങ്ങളുടെ ഒരു സർവ്വെ നടത്തേണ്ടതാണു പ്രഥമമായി ചെയ്യേണ്ടതെന്നു കമ്മിറ്റി അഭിപ്രായപ്പെടുകയും മി. ഗ്രാമിനെ ഇതിലേക്കു ചുമതലപ്പെടുത്തണമെന്നു കമ്മിറ്റി ശുപാർശചെയ്കയും ചെയ്തിട്ടുണ്ടു്.

(സി) ഇല്ല.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ആ കമ്മിറ്റിയുടെ ശുപാർശ നടപ്പിൽ വരുത്തിയോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മി. ഗ്രാമിനെ ഇതിലേക്കു ചുമതലപ്പെടുത്തുന്നതിനു എന്തു ചെലവുവരുമെന്നു കമ്മിറ്റിയോടു ചോദിച്ചിട്ടുണ്ടു്.

Sri. A. Thanu Pillai: Is that Norwegian gentleman a consultant of this Government or of the Government of India?

Sri. E. John Philipose: He calls here occasionally.

ശ്രീ. പി. കെ. ഡീവർ: ഈ കമ്മിറ്റി നിയമിച്ചപ്പോൾ റിപ്പോർട്ടു് എത്ര മാസത്തിനകം സമർപ്പിക്കണമെന്നാണു പറഞ്ഞിരുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങനെ വ്യവസ്ഥ ഒന്നും ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly